# ഇവിടെ ഇങ്ങനെയൊക്കെയാണ്- ഇങ്ങിനെയൊക്കെ മതി

**രാജ, മൈലപ്ര**

'ദൈവത്തിന്റെ സ്വന്തം നാട്ടിൽ' ഇപ്പോൾ കാര്യങ്ങളൊക്കെ അക്ഷരാർത്ഥത്തിൽ തന്നെ അടിപൊളിയാണ്. ഇത്തവണ വിഷുവും ദുഃഖവെള്ളിയാഴ്ചയും ഒരേദിവസമാണ്. കൂട്ടത്തിൽ ഇന്ത്യൻ ഭരണഘടനയുടെ ശില്പിയായ ഡോ. അംബേദ്കർ ജന്മദിനവും.

ദുഃഖമായാലും സന്തോഷമായാലും മലയാളി അത് ഒരു ആഘോഷമാക്കും. കള്ളില്ലാതെ എന്ത് ആഘോഷം? ഇപ്പോഴത്തെ സിനിമകളിലൊക്കെ അമ്മച്ചിമാർ കള്ളടിക്കുന്ന രംഗങ്ങൾ ഭംഗിയായി അവതരിപ്പിക്കുന്നുണ്ട്.

ആദർശധീരനായ ആന്റണിയുടെ ചാരായ നിരോധനമാണ് കേരളത്തിൽ ഇത്രയധികം മദ്യപാനികളെ സൃഷ്ടിച്ചത്. അതിനു പിന്നാലെ വന്ന ജൂണിയർ ആദർശ സുധീരൻജി ബാറുകളും പൂട്ടിച്ചു. എന്നിട്ടും കേരളത്തിലെ പ്രബുദ്ധ ജനത പ്രകോപനമൊന്നും സൃഷ്ടിക്കാതെ പിടിച്ചു നിന്നു. അപ്പോൾ ദേ വരുന്നു സുപ്രീകോടതിയുടെ ഒരു ഇണ്ടാസ്. മദ്യവില്പനശാലകളെല്ലാം പ്രധാന പാതയോരങ്ങളിൽ നിന്നും അഞ്ഞൂറുമീറ്റർ അകലെ മാത്രമേ പ്രവർത്തിക്കുവാൻ പറ്റുകയുള്ളെന്ന്. കാര്യങ്ങളാകെ കീഴ്മേൽ മറിഞ്ഞെന്നു പറഞ്ഞാൽ മതിയല്ലോ! കുടിയന്മാരുടെ കാര്യം വലിയ കഷ്ടത്തിലായി. പെറ്റമ്മമാർ പോലും കരഞ്ഞുപോകുന്ന അവസ്ഥ. നിയമം അനുസരിച്ച് വില്പനശാലകൾ മാറ്റി സ്ഥാപിച്ചപ്പോൾ അവിടെല്ലാം വലിയ പുകിലുകൾ. വീട്ടമ്മമാരും, വിദ്യാർത്ഥികളും, പള്ളീലച്ചന്മാരും കൂടി കുത്തിയിരിപ്പു സമരം. തുറക്കുന്ന കടകൾ അതേ വേഗത്തിൽ അടപ്പിക്കുന്നു. 'ദേ വന്നു- ദാ പോയി' എന്നൊരു സുരേഷ്ഗോപി സ്റ്റൈൽ. പത്തനംതിട്ടയിൽ മൂന്നു വിദേശ മദ്യ വില്പനശാലകൾ ഒരു കുഴപ്പവുമില്ലാതെ പ്രവർത്തിച്ചു പോരുകയായിരുന്നു. മൂന്നിനും താഴു വീണു. ഒരെണ്ണം താഴെ വെട്ടിപ്പുറത്തേക്കു മാറ്റി. ഉറങ്ങിക്കിടന്ന വെട്ടിപ്രം ഒന്നുണർന്നു. ടച്ചിംഗ്സ്, കപ്പയും എല്ലുകറിയും, മുട്ട പുഴുങ്ങിയതും സുലഭം. കാര്യങ്ങളൊന്നു ഉഷാറായി വന്നപ്പോഴേക്കും വെട്ടിപ്രം റോഡിനെ ദേശീയ പാതയായി പ്രഖ്യാപിച്ചു. ഡിം.

ഇപ്പോൾ പത്തനംതിട്ടയിലെ കുടിയന്മാർക്ക് ഒന്നു പൂസാകണമെങ്കിൽ പെരുനാട്ടിലോ, ചിറ്റാറിലോ, പുതുശ്ശേരിമലയിലോ പോകണം. മിക്കതും വനത്തിന്റെ നടുവിലാണ്. ഓട്ടോറിക്ഷയിലല്ലാതെ എത്തിച്ചേരുവാൻ ഒരു നിവൃത്തിയുമില്ല. അഞ്ഞൂറു രൂപയ്ക്ക് ഒരു മാതിരി 'കിക്ക്' കിട്ടിയിരുന്ന സ്ഥാനത്ത് ഇപ്പോൾ ആയിരം രൂപയെങ്കിലും മുടക്കണം ചെറിയ ഒരു പെരുപ്പു കിട്ടുവാൻ. കുടിയന്മാരെ ഇങ്ങനെ ദ്രോഹിക്കുവാൻ അവർ എന്തു കുറ്റമാണ് ചെയ്തത്? ഖജനാവിലെക്കു കോടികൾ ഒഴുക്കുന്ന മദ്യപാനികളോടു അധികാരികൾ കൊടുംക്രൂരതയാണ് കാണിച്ചത്. ഇതിലും ഭേദമായിരുന്നു അവരെയെല്ലാം തൂക്കിക്കൊല്ലുവാൻ വിധിച്ചിരുന്നെങ്കിൽ!

ഇനി ഒരു സത്യം ഏതു കോടതി വിധിച്ചാലും കേരളത്തിൽ കുടിയന്മാർ കുടിച്ചു നശിക്കുവാൻ ഉറച്ച തീരുമാനമെടുത്തവരാണ്. കടാപ്പുറത്തു കൂടി പരീക്കുട്ടി പാടി പാടി മരിക്കുവാൻ തീരുമാനിച്ചതു പോലെ, കുടിച്ചു കുടിച്ചു വയറുപൊട്ടി ചാകുമെന്നു ശപഥമെടുത്തിട്ടുള്ളവരാണു മദ്യപാനികളായ മലയാളികൾ. ഇതു സത്യം- സത്യം- സത്യം!

തെരുവുനായ്ക്കൾ ഇടയ്ക്കൊരു വെടിനിർത്തൽ പ്രഖ്യാപിച്ചതായിരുന്നു. ഇപ്പോൾ അവർ വീണ്ടും സജീവമായി രംഗത്തുണ്ട്. പണ്ടത്തെപ്പോലെ കടിച്ചിട്ട് ഓടുകയൊന്നുമില്ല. കടിച്ചു പറിച്ചു കളയും. പിഞ്ചുകുഞ്ഞെന്നോ പടുകിളവിയെന്നോ വ്യത്യാസമൊന്നുമില്ല. നമ്മുടെ നാട്ടിലെ പീഡനവീരന്മാരെപ്പോലെ! "ദുഃഖിതരേ, പീഡിതരേ, എന്റെ അടുക്കൽ വരുവീൻ, ഞാൻ നിങ്ങൾക്കു സമാധാനം തരാം" എന്നു പറഞ്ഞ ദൈവപുത്രന്റെ അനുയായികൾ ഇപ്പോൾ അതു ചെറുതായൊന്നു തിരുത്തിയിട്ടുണ്ട്. ദുഃഖിതരേ, പീഡിതരേ ഞങ്ങളുടെയടുക്കൽ വരുവീൻ- ഞങ്ങൾ നിങ്ങളെ പീഡിപ്പിക്കാമെന്ന്- ഈ സാധനം കൊണ്ട് വേറെ ചില പ്രയോജനങ്ങൾ ഉണ്ടെന്ന് പട്ടമേറ്റു കഴിഞ്ഞപ്പോഴാണു പല പട്ടക്കാർക്കും മനസ്സിലായത്. ബുദ്ധിയുറയ്ക്കാത്ത സമയത്താണല്ലോ പലരും പുരോഹിതനാകുവാനുള്ള തീരുമാനമെടുക്കുന്നത്. സെമിനാരി പഠിത്തത്തോടു കൂടിയാണ് പലർക്കും 'സംഗതി'യുടെ കിടപ്പു വശം മനസ്സിലാകുന്നത്! നിങ്ങളിൽ പാപം ചെയ്യാത്തവർ അവരെ കല്ലെറിയട്ടെ!

ഇടക്കാലത്തു വിദ്യാർത്ഥി സമരങ്ങളൊന്നും ഇല്ലായിരുന്നു. 'നേടിയെടുക്കും, നേടിയെടുക്കും, അവകാശങ്ങൾ നേടിയെടുക്കും'- എന്നു തൊണ്ടകീറി വിളിച്ചു കൂവാൻ പറ്റിയ വിഷയങ്ങളൊന്നും വീണു കിട്ടിയില്ല. അപ്പോഴാണ് സ്വയാശ്രയ കോളജുകളുടെ വിദ്യാഭ്യാസം വ്യവസായം തുടങ്ങിയത്- അതോടനുബന്ധിച്ച് ഇടിമുറിയും, അടിമപ്പണിയും മറ്റുമുണ്ടെന്നുള്ള ഞെട്ടിപ്പിക്കുന്ന വാർത്തകൾ അടുത്തകാലത്തു

പുറത്തു വന്നു. പല വിദ്യാർത്ഥികളേയും ഇടിമുറിയിൽ ഇട്ടു ചതച്ച ശേഷം, കെട്ടിത്തൂക്കി ആത്മഹത്യയാക്കി മാറ്റി. പാചകറാണിയുടെ കോളേജിന്റെ അടുക്കളയിലാണു ആദ്യം തീ പുകഞ്ഞത്. അവരെ ചുട്ടുകളയും, കരിച്ചുകളയും, പൊരിച്ചുകളയും എന്നെല്ലാം എന്തെല്ലാം വീമ്പിളക്കലായിരുന്നു അവർക്കൊരു ചുക്കും സംഭവിച്ചില്ല. സർക്കാരിനും, പാർട്ടിക്കും വേണ്ടപ്പെട്ട കുടുംബം. എല്ലാ രാഷ്ട്രീയ പാർട്ടിയിൽപ്പെട്ട നേതാക്കന്മാർക്കും കോളജിൽ കയറാതെ തന്നെ എൽ.എൽ.ബി. ബിരുദം പേരിന്റെ വാലിൽ കെട്ടിത്തൂക്കി കൊടുത്ത മാതൃകാ സ്ഥാപനം. ഒരു പോറലുപോലും ഏൽക്കാതെ അവിടെയുമിവിടെയും അപ്പം ചുട്ടുകൊണ്ട് പാചകറാണി പറന്നു നടക്കുന്നു.

കോളിളക്കം സൃഷ്ടിച്ച മറ്റൊരു സംഭവമായിരുന്നു ജിഷ്ണു പ്രണോയിയുടെ മരണം. ഇടിച്ചതിനും അടിച്ചതിനുമെല്ലാം ശാസ്ത്രീയമായ തെളിവുകളുണ്ട്. പക്ഷേ പ്രതികൾക്കെല്ലാം മുൻകൂർ ജാമ്യം- ഒളിവിൽ കഴിയുന്നവർക്കു വരെ മുൻകൂർ ജാമ്യം അനുവദിക്കുന്ന മഹാമനസ്കതയാണ് നമ്മുടെ കോടതികൾക്ക്!

ജീവിച്ചിരിക്കുമ്പോൾ തന്നെ അന്യന്റെ കാശുകൊണ്ടു സ്വന്തം സ്മാരകമായി മെഡിക്കൽ കോളജും എഞ്ചിനീയറിംഗ് കോളേജും പുടുത്തുയർത്തിയ മഹാനാണ് വെള്ളപ്പള്ളി ഗുരുക്കൾ! കാവലിനു കരിംപൂച്ചകളുമുണ്ട്. അപാര തൊലിക്കട്ടി തന്നെ. ഗുരുക്കളുടെ കോളജിൽ ഈയിടെ എസ്.എഫ്.ഐ. പിള്ളേർ ഒരു ഒന്നൊന്നര നിരക്കമങ്ങു നിരങ്ങി. രണ്ടുമൂന്നു കോടി രൂപയുടെ നഷ്ടം. വെള്ളാപ്പള്ളിക്ക് അതു പുല്ലാണ്. വെറും പുല്ല്!

പേപ്പട്ടി കടിക്കാഞ്ഞിട്ടു പോലും മന്ത്രമാർക്കും നേതാക്കന്മാർക്കുമാകെ പേയിളകിയിരിക്കയാണ്. ഭരണത്തിലൊന്നും ആർക്കും വലിയ താൽപര്യമൊന്നുമില്ല. അങ്ങോട്ടുമിങ്ങോട്ടും ചെളിവാരിയെറിഞ്ഞു കളിക്കുകയാണ് രണ്ടു കൂട്ടരും.

ഉമ്മൻചാണ്ടിയും, ചെന്നിത്തലയും പരസ്പരം കാണുമ്പോൾ ഉമ്മ വെയ്ക്കുമെങ്കിൽ തന്നെയും, പുറത്തിറങ്ങിയാൽ പിന്നെ പാരവെയ്പ്പാണ്. ഇതിനിടയിൽ പാറയിൽ ചിരട്ടയിട്ടുരക്കുന്നതുപോലെ ശബ്ദമുള്ള ഹസൻജിയെ പിടിച്ച് ഇടക്കാല പ്രസിഡന്റാക്കി. ഹസനാരുടെ ആ സ്ഥാനത്തിന് വലിയ ആയുസ്സില്ല എന്നാണ് കമ്പ്യൂട്ടർ ജ്യോതിഷം പറയുന്നത്. ജപ്പാനിലെ ഏതോ മ്യൂസിയത്തിലിരിക്കുന്ന ഒരു മെഴുകുപ്രതിമ പോലിയിരിക്കുന്ന പി. പി. തങ്കച്ചൻ എന്ന വക്താവ്. ഒരു വക്താവാകുമ്പോൾ രണ്ടു വാചകമടിക്കാനേലും ഒരു മിനിമം ക്വാളിഫിക്കേഷൻ വേണ്ടേ! കേന്ദ്രത്തിൽ നാഗന്മാരുടെ തൊപ്പിയും തലയിലണിഞ്ഞ് നമ്മളെ നാണം കെടുത്താനായി കച്ചകെട്ടിയിറങ്ങിയിരിക്കുന്ന ആന്റണിഡി. പയ്യനെ ഉടനെ പിടിച്ച് പ്രസിഡന്റായി അവരോധിക്കുമെന്നു കേട്ടു. അതോടെ തീർന്നു കോൺഗ്രസിന്റെ കഥ.

രാഷ്ട്രീയ വിഡ്ഢിത്വം വിളമ്പുന്നതിൽ നമ്മുടെ ഒന്ന്, രണ്ട്, മൂന്നു- മണിയാശാൻ തന്നെ മെഡൽ ജേതാവ്. ആരോട് എന്തു പറയണമെന്നോ, എങ്ങനെ പറയണമെന്നോ എന്നതിനെപ്പറ്റി ഒരു വിവരവുമില്ല. നാലാം ക്ലാസ്സും, ഗുസ്തിയുമാണ് അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത. ഭരിക്കുന്നതോ! തൊട്ടാൽ ഷോക്കടിക്കുന്ന ഇലക്ട്രിസിറ്റി വകുപ്പ്! ദോഷം പറയരുതല്ലോ! മണിയാശാന്റെ പ്രസംഗം കേട്ടിരിക്കുന്നത് ഒരു സുഖമുള്ള ഏർപ്പാടാണ്.